**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3006** — **25-06-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ജലജീവൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗം പി.എം.ജി.എസ്.വൈ. പദ്ധതി എന്നിവ മുഖേന ഫണ്ട് അനുവദിച്ച് ടെണ്ടർ ചെയ്തിട്ടുള്ള എത്ര റോഡുകളിലാണ് ജലജീവൻ മിഷൻ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ച കോട്ടൂർ, നടുവണ്ണൂർ, ഉണ്ണികുളം എന്നീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റീസ്റ്റൊറേഷൻ നടത്തേണ്ടത് PWD ആണ്. അതിനുള്ള തുക PWD യിൽ അടവാക്കിയിട്ടുണ്ട്.<br><br>PMGSY പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ള നടുവണ്ണൂർ കോട്ടൂർ പഞ്ചായത്തിലൂടെയുള്ള നടുവണ്ണൂർ – വാകയാട് റോഡ് , വാകയാട് HS -പാലേരിമുക്ക് റോഡ് എന്നീ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. PMGSY ആവശ്യപ്പെട്ട പ്രകാരമുള്ള തുക അടവാക്കുന്നതിന് കാലതാമസം വരും എന്നതിനാൽ 08.02.2024 ന് കോട്ടൂർ പഞ്ചായത്തിൽ ചേർന്ന യോഗ തീരുമാന പ്രകാരം റോഡുകളിൽ GSB, WMM വരെയുള്ള പുനർനിർമാണപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവർത്തി 20 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.<br><br>ഉണ്ണികുളം പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള വട്ടോളി-ഇയാട്-കുണ്ടായി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 30.60 ലക്ഷം രൂപ അടവാക്കുന്നതിന് ഡിമാൻഡ് ലെറ്റർ തന്നിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നതിനാൽ പ്രസ്തുത റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>പനങ്ങാട് പഞ്ചായത്തിലെ ബാലുശ്ശേരി കരിമ്പയിൽ വയലട-തലയാട് PWD റോഡിൽ അനുമതി ലഭിച്ച 5/700-6/800 വരെയുള്ള ഭാഗത്ത് 400 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉണ്ട്. ഈ റോഡിൽ പൈപ്പ് സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് പഞ്ചായത്തിലെ മഞ്ഞപാലം - തയ്യൽപീടിക- റോഡ് /PMGSY 680 മീറ്റർ പൈപ്പ് സ്ഥാപിക്കുവാൻ ഉണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പെർമനന്റ് റെസ്റ്റോറേഷൻ മൺസൂൺ കഴിയുന്നതോടുകൂടി പൂർത്തിയാക്കുന്നതാണ്.<br><br>ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഉള്ളിയേരി പഞ്ചായത്തിൽ PMGSY യുടെ അധീനതയിലുള്ള പൂത്തഞ്ചേരി -ഉള്ളൂർ റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാൻ 1 കോടി 88 ലക്ഷം രൂപ റോഡ് റീസ്റ്റോറേഷൻ ചാർജ് ആയി അടക്കേണ്ടതുണ്ട്. ഈ ഫണ്ട് ലഭിക്കുന്ന മുറക്ക് PMGSY യിലേക്ക് അടവാക്കുന്നതാണ്. പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ച കോട്ടൂർ, നടുവണ്ണൂർ, ഉണ്ണികുളം എന്നീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റീസ്റ്റോറേഷൻ നടത്തേണ്ടത് PWD ആണ്. അതിനുള്ള തുക PWD യിൽ അടവാക്കിയിട്ടുണ്ട്.<br><br>PMGSY പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ള നടുവണ്ണൂർ കോട്ടൂർ പഞ്ചായത്തിലൂടെയുള്ള നടുവണ്ണൂർ – വാകയാട് റോഡ് , വാകയാട് HS -പാലേരിമുക്ക് റോഡ് എന്നീ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. PMGSY ആവശ്യപ്പെട്ട പ്രകാരമുള്ള തുക അടവാക്കുന്നതിന് കാലതാമസം വരും എന്നതിനാൽ 08.02.2024 ന് കോട്ടൂർ പഞ്ചായത്തിൽ ചേർന്ന യോഗ തീരുമാന പ്രകാരം റോഡുകളിൽ GSB, WMM വരെയുള്ള പുനർനിർമാണപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവർത്തി 20 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.<br><br>ഉണ്ണികുളം പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള വട്ടോളി-ഇയാട്-കുണ്ടായി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 30.60 ലക്ഷം രൂപ അടവാക്കുന്നതിന് ഡിമാൻഡ് ലെറ്റർ തന്നിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നതിനാൽ പ്രസ്തുത റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | പനങ്ങാട് പഞ്ചായത്തിലെ ബാലുശ്ശേരി കരിമ്പൂയിൽ വയലട-തലയാട് PWD റോഡിൽ അനുമതി ലഭിച്ച 5/700-6/800 വരെയുള്ള ഭാഗത്ത് 400 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉണ്ട്. ഈ റോഡിൽ പൈപ്പ് സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് പഞ്ചായത്തിലെ മഞ്ഞപാലം - തയ്യൽപീടിക- റോഡ് /PMGSY 680 മീറ്റർ പൈപ്പ് സ്ഥാപിക്കുവാൻ ഉണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പെർമനന്റ് റെസ്റ്റോറേഷൻ മൺസൂൺ കഴിയുന്നതോടുകൂടി പൂർത്തിയാക്കുന്നതാണ്.<br><br>ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഉള്ളിയേരി പഞ്ചായത്തിൽ PMGSY യുടെ അധീനതയിലുള്ള പുത്തഞ്ചേരി -ഉള്ളൂർ റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാൻ 1 കോടി 88 ലക്ഷം രൂപ റോഡ് റീസ്റ്റോറേഷൻ ചാർജ് ആയി അടക്കേണ്ടതുണ്ട്. ഈ ഫണ്ട് ലഭിക്കുന്ന മുറക്ക് PMGSY യിലേക്ക് അടവാക്കുന്നതാണ്. പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ